## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2422, 13/02/2013 ൽ മറുപടിക്ക്

### ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള ബോണസും അലവൻസും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു.റ്റി.തോമസ് | ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |

| | | |
|---|---|---|
| (എ) | ദേശീയസമ്പാദ്യപദ്ധതിയിലെ ഏജന്റുമാർക്ക് നൽകിയിരുന്ന ബോണസും അലവൻസും നിർത്തലാക്കിയിട്ടുണ്ടോ ? എങ്കിൽ എന്നു മുതലാണ് നിർത്തലാക്കിയത്? | 2011 ഡിസംബർ മുതൽ കേന്ദ്രസർക്കാർ ഉത്തരവനുസരിച്ച് , ഏജന്റുമാർക്ക് നൽകിയിരുന്ന ബോണസും അലവൻസും ഭാഗികമായി നിർത്തലാക്കിയിരുന്നു. എന്നാൽ ഇതിന് സമാനമായി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം സർക്കാരിന്റെ വികസന സേവന മേഖലകളിൽ വിനിയോഗിച്ചുകൊണ്ട് അവർക്ക് 2012 ജൂൺ മാസം മുതൽ മെച്ചപ്പെട്ട പ്രതിഫലം നൽകുന്നുണ്ട്. |
| (ബി) | മറ്റു ജില്ലകളിൽ ബോണസ്സും അലവൻസും ഏജന്റുമാർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടും പത്തനംതിട്ട ജില്ലയിലെ ഏജന്റുമാർക്ക് 2006 മുതലുള്ള ബോണസും 2010 മുതലുള്ള അലവൻസും വിതരണം ചെയ്യാതിരിക്കുന്നതിന്റെ | പത്തനംതിട്ട ജില്ലയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് 2011 നവംബർ വരെയുള്ള മുഴുവൻ അലവൻസും ബോണസും നൽകി കഴിഞ്ഞു. ടി ജില്ലയിലെ ചില SAS ഏജന്റുമാരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട പണം തിരിമറിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലനിന്നതിനാലും കൂടുതൽ SAS ഏജന്റുമാർക്ക് ഇതുമായി ബന്ധമുണ്ടോയെന്ന് |

| | | |
|---|---|---|
| | കാരണമെന്തന്ന് വ്യക്തമാക്കമോ? | പരിശോധിക്കേണ്ടിവന്ന സാഹചര്യത്തിലുമാണ് ഏജന്റുമാർക്ക് അലവൻസും ബോണസും നൽകാതിരുന്നത്. എന്നാൽ ഇതു സംബന്ധിച്ച് കഴിവതും വേഗം തീരുമാനമെടുത്ത് കുടിശ്ശിക മുഴവൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ